III **ശ്രദ്ധ ക്ഷണിക്കൽ**

(1) ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ടി. സിദ്ദിഖ്: സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണിത്. അങ്ങ് ചെറിയ സമയം അനുവദിക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: അധിക സമയം അനുവദിക്കാൻ സാധിക്കില്ലെന്ന് വളരെ ക്ലിയറായി പറഞ്ഞു. അതിനുമുകളിൽ ചോദ്യം ചെയ്യേണ്ട കാര്യമില്ല.

ശ്രീ. ടി. സിദ്ദിഖ്: സർ, 05-11-2020-ൽ 214/2020-ആയി സർക്കാർ ഉത്തരവനുസരിച്ച് രൂപീകൃതമായ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസം, സാമ്പത്തിക, സാമൂഹിക പിന്നാക്കാവസ്ഥ, ക്ഷേമം എന്നിവ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് നൽകാൻ നിയോഗിക്കപ്പെട്ട ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ രൂപീകൃതമാകുകയും അവർ പഠനം നടത്തുകയും റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന് നൽകുകയും ചെയ്തു. 09-02-2021-ലെ ജി.ഒ. 32/2021-ലെ ഉത്തരവനുസരിച്ച് കമ്മീഷന്റെ പരിഗണനാവിഷയങ്ങൾ

തീരുമാനിച്ചു. അതെല്ലാം കഴിഞ്ഞ്, മക്കളുടെ വിദ്യാഭ്യാസം, സാമ്പത്തികാവസ്ഥ, സാമൂഹിക പിന്നാക്കാവസ്ഥ, ക്ഷേമകാര്യങ്ങൾ എന്നിവയെല്ലാം അനലൈസ് ചെയ്യാനുള്ള ടേംസ് ഓഫ് റഫറൻസും തയ്യാറാക്കി. ക്രിസ്തുമതത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾ, തീരദേശവാസികൾ, മലയോര കർഷകർ, വനാതിർത്തിയോടടുത്ത് താമസിക്കുന്ന കർഷകർ, കുട്ടനാട് പോലുള്ള സ്ഥലങ്ങളിൽ താമസിക്കുന്ന കർഷകർ, ആദിവാസികൾ, ദളിതർ, ലത്തീൻ കത്തോലിക്ക വിഭാഗക്കാർ തുടങ്ങിയവരുടെ ക്ഷേമ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങളെക്കുറിച്ച് പഠിച്ച് അതുസംബന്ധിച്ച് നിരവധി സിറ്റിങ്ങുകൾ നടത്തി 285 നിർദേശങ്ങളടങ്ങിയ ഒരു റിപ്പോർട്ട് സർക്കാരിന് നൽകുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചത് 2023 മേയ് മാസം 17-ാം തീയതിയാണ്. റിപ്പോർട്ട് നൽകിയിട്ട് ഇപ്പോൾ രണ്ട് വർഷക്കാലമായി. യഥാർഥത്തിൽ ഈ നിർദേശങ്ങൾ നടപ്പാക്കിയാൽ ക്രിസ്ത്യൻ ന്യൂനപക്ഷം ഇന്ന് അനുഭവിക്കുന്ന വിദ്യാഭ്യാസ, സാമൂഹിക, സാമ്പത്തിക പിന്നാക്കാവസ്ഥ മറികടക്കാനും അവരുടെ ക്ഷേമം ഉറപ്പുവരുത്താനും സാധിക്കും. കമ്മീഷൻ

റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ച് നടപ്പാക്കുന്നതിനുവേണ്ടി ചീഫ് സെക്രട്ടറി അധ്യക്ഷനായും ന്യൂനപക്ഷക്ഷേമം, പൊതുഭരണം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാർ അംഗങ്ങളായും 02-03-2024-ന് ഒരു കമ്മിറ്റി രൂപീകരിച്ചു. യഥാർഥത്തിൽ ഇതുവരെ ഈ കാര്യങ്ങളൊന്നും ഇവിടെ നടപ്പാക്കുകയോ അതിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയുടെ മുമ്പിൽ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. സാമൂഹ്യനിർമ്മിതിയുടെ ഏറ്റവും പ്രധാന സ്തംഭങ്ങളിലൊന്ന് ക്രിസ്ത്യൻ കമ്മ്യൂണിറ്റിയിലെ സഹോദരൻമാരും സഹോദരിമാരുമാണ്. അവർ നമ്മുടെ സമൂഹത്തിന് നൽകിയ വലിയ പിന്തുണയും സംഭാവനയും കാലാതീതവും പ്രാധാന്യമർഹിക്കുന്നതുമാണ്. ഭക്ഷ്യ ക്ഷാമകാലത്ത് 'ഗ്രോ മോർ ഫുഡ്' അടക്കമുള്ള നടപടികൾക്ക് നേതൃത്വം നൽകിയ ഒരു കമ്മ്യൂണിറ്റിയാണിത്. പെരുമ്പാമ്പും കാട്ടുപോത്തും ഉൾപ്പെടെയുള്ള വന്യമൃഗങ്ങളെയും മലമ്പനിയും കോളറയുമടക്കമുള്ള ഗുരുതരമായ ആരോഗ്യവിപത്തിനെയും നേരിട്ടും പടപൊരുതിയുമാണ് അവർ പ്രകൃതിയുടെ ഇക്കോസിസ്റ്റത്തെ സംരക്ഷിച്ച് കാർഷികമേഖലയെ വളർത്തിയെടുത്തത്. പള്ളിയോടൊപ്പം പള്ളിക്കൂടം എന്ന

വിശുദ്ധ ചാവറ അച്ചന്റെ ദാർശനികത ഏറ്റെടുത്ത് സ്കൂൾ, കോളേജ് വിദ്യാഭ്യാസ മേഖലയിൽ അവർ കേരളത്തിന് നൽകിയ അതിരുകളില്ലാത്ത സംഭാവന നമുക്കാർക്കും മറക്കാൻ കഴിയില്ല. പള്ളിക്കൂടം മാത്രമല്ല, ആതുരശുശ്രൂഷ കേന്ദ്രങ്ങളടക്കം നടപ്പാക്കി മുന്നോട്ടുപോയൊരു കമ്മ്യൂണിറ്റിയാണത്. ആ കമ്മ്യൂണിറ്റിയുടെ വൈവിധ്യമായ പ്രശ്നങ്ങൾ പരിഹരിക്കാൻ ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് എന്ന് നിങ്ങൾ നടപ്പാക്കും; സഭയിൽ അതിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് എപ്പോൾ സമർപ്പിക്കും? 285 നിർദേശങ്ങളിന്മേൽ ഏതെല്ലാം കാര്യത്തിൽ, എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നതിനെക്കുറിച്ച് അടിയന്തര നടപടി ആവശ്യപ്പെട്ടുകൊണ്ട് അവസാനിപ്പിക്കുന്നു.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ബഹുമാനപ്പെട്ട ശ്രീ. ടി. സിദ്ദിഖ് എം.എൽ.എ. വളരെ വികാരത്തോടുകൂടിയാണ് ഈ കാര്യങ്ങൾ അവതരിപ്പിച്ചത്. സംസ്ഥാനത്തെ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ, ക്ഷേമം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ

പഠിക്കാനായി ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് 05-11-2020-ൽ സർക്കാർ ഉത്തരവ് എം.എസ്.214/2020/ആഭ്യന്തരം നമ്പർ ഉത്തരവുപ്രകാരം രൂപീകൃതമായ റിട്ടയേർഡ് ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ പഠനം പൂർത്തിയാക്കി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ച റിപ്പോർട്ടിലെ നിർദേശങ്ങൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനായി പ്രസ്തുത റിപ്പോർട്ട് ആഭ്യന്തര വകുപ്പിൽനിന്നും ന്യൂനപക്ഷക്ഷേമം വകുപ്പിലേക്ക് കൈമാറുകയുണ്ടായി. ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ പൊതുവായ പ്രശ്നങ്ങൾ, ലത്തീൻ കത്തോലിക്കർ, പരിവർത്തിത ക്രൈസ്തവർ എന്നിവർ അഭിമുഖീകരിക്കുന്ന വിഷയങ്ങൾ കുട്ടനാട്ടിലെയും മലയോര പ്രദേശങ്ങളിലെയും തീരദേശമേഖലയിലെയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും പരിമിതികളും ഉൾക്കൊണ്ടുകൊണ്ട് ഇവിടങ്ങളിൽ അധിവസിക്കുന്ന ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ ഉന്നമനത്തിനും വിവിധ തലങ്ങളിൽ അവർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുമുള്ള സമഗ്രമായ നിർദേശങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന വിശദമായ റിപ്പോർട്ടാണ് കമ്മീഷൻ സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ടിന്റെ അധ്യായം 8-ൽ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾ അനുഭവിക്കുന്ന

വിദ്യാഭ്യാസ, സാമൂഹിക, സാമ്പത്തിക പിന്നാക്കാവസ്ഥ മറികടക്കുന്നതിനും ക്ഷേമം ഉറപ്പുവരുത്തുന്നതിനുമായി സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കാനായി 284 ശിപാർശകളാണ് കമ്മീഷൻ നൽകിയിട്ടുള്ളത്. ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകൾ നടപ്പാക്കുന്ന കാര്യങ്ങൾ അതത് വകുപ്പുകൾ പരിശോധിച്ച് തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. ബന്ധപ്പെട്ട വകുപ്പുകൾ കൈക്കൊള്ളേണ്ട നടപടി ചർച്ച ചെയ്യുന്നതിനും അവ ക്രോഡീകരിക്കുന്നതിനുമായി സെക്രട്ടറിമാരുടെ യോഗം വകുപ്പുമന്ത്രി 19-01-2024-ലും ന്യൂനപക്ഷക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട ശിപാർശകളുമായി ബന്ധപ്പെട്ട നടപടി സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി 22-08-2024-ലും യോഗം വിളിച്ചുചേർക്കുകയുണ്ടായി. കൂടാതെ ജസ്റ്റിസ് ജെ. ബി. കോശി റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ച് അഭിപ്രായങ്ങൾ സമർപ്പിക്കാൻ ചീഫ് സെക്രട്ടറി അധ്യക്ഷനായി ന്യൂനപക്ഷക്ഷേമ വകുപ്പ് സെക്രട്ടറി, പൊതുഭരണ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായും സർക്കാർ ഉത്തരവ് പ്രകാരം 993/2024 നമ്പറായി 02-03-2024-ൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി കമ്മിറ്റി കൃത്യമായ

ഇടവേളകളിൽ യോഗം ചേർന്ന് കമ്മീഷൻ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കേണ്ട നടപടികൾ പരിശോധിച്ച് തുടർനടപടി സ്വീകരിച്ചുവരുന്നു. 02-01-2025-ൽ പ്രിൻസിപ്പൽ സെക്രട്ടറി തലത്തിൽ നടന്ന യോഗത്തിൽ മന്ത്രിതല അംഗീകാരത്തോടെ ലഭ്യമാക്കിയ വകുപ്പുകളുടെ ശിപാർശകൾ മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ നിർദേശിച്ചു. കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നത് സംബന്ധിച്ച് അവലോകനം ചെയ്യാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 17-02-2025-ൽ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചിരുന്നു. ജെ. ബി. കോശി കമ്മിഷൻ ശിപാർശകളുടെ തുടർനടപടിയിൽ നല്ല പുരോഗതിയാണുള്ളതെന്ന് യോഗം വിലയിരുത്തി. 152 ശിപാർശകൾ വിവിധ വകുപ്പുകളിലേക്ക് നടപ്പാക്കി കഴിഞ്ഞവയാണ്. മന്ത്രിസഭയുടെ പരിഗണനയ്ക്കായി വരേണ്ട 11 ശിപാർശകളുണ്ട്. മന്ത്രിസഭ പരിഗണിക്കേണ്ടിവരുന്നതും കേന്ദ്രസർക്കാരുമായി ചർച്ച ചെയ്യേണ്ടതുമായതിനുപുറമെ നടപ്പാക്കാൻ സാധിക്കാത്ത ശിപാർശകളുമുണ്ട്. ഇവ തരംതിരിച്ച് ചീഫ് സെക്രട്ടറിമാരുടെ യോഗം ചേർന്ന് ക്രോഡീകരിച്ച് പട്ടിക തയ്യാറാക്കാനും മന്ത്രിസഭയുടെ

പരിഗണനയ്ക്കെടുക്കേണ്ടവ കാലതാമസം കൂടാതെ സമർപ്പിക്കാനും കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട വിഷയങ്ങൾ സെക്രട്ടറിമാർ വിവിധ കേന്ദ്ര മന്ത്രാലയങ്ങളിൽ ബന്ധപ്പെടാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദേശിച്ചിട്ടുണ്ട്. ഈ നടപടിക്രമങ്ങൾ താമസംവിനാ പൂർത്തീകരിച്ച് കമ്മീഷൻ ശിപാർശകൾ നടപ്പാക്കാനാണ് സർക്കാരുദ്ദേശിക്കുന്നത്.

ശ്രീ. ടി. സിദ്ദിഖ്: സർ, രണ്ട് വർഷമായി സർക്കാരിന്റെ കൈവശമുള്ള ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട്, അതിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് ഉൾപ്പെടെ എന്ന് സഭയിൽ സമർപ്പിക്കാൻ സാധിക്കുമെന്ന് പറയാമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, 284-ഓളം ശിപാർശകളുണ്ടെന്ന് പറഞ്ഞുകഴിഞ്ഞു. അതിൽ 111-ഓളം ശിപാർശകൾ ഇപ്പോൾ നടപ്പാക്കിക്കഴിഞ്ഞു. ഇനി കേന്ദ്ര ഗവൺമെന്റുമായി നിയമനിർമ്മാണം നടത്തേണ്ട ചില കാര്യങ്ങളാണുള്ളത്. ഒരു നിയമനിർമ്മാണം നടപ്പാക്കുന്നതിനാവശ്യമായ സമയം ഇതിനുണ്ട്. എന്നാൽ അടിയന്തരമായി കാബിനറ്റിൽ വയ്ക്കേണ്ട ശിപാർശകൾ കാബിനറ്റിലേക്ക് റഫർ

ചെയ്തുകഴിഞ്ഞിട്ടുണ്ട്. തൊട്ടടുത്ത ദിവസങ്ങളിൽത്തന്നെ അത് കാബിനറ്റിലെത്തുന്നതാണ്.

(2) ജനാധിപത്യ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് നിയമനിർമ്മാണം

ശ്രീ. ഇ. കെ. വിജയൻ: സർ, കേരളസമൂഹമാകെ ഗൗരവപൂർവം ചർച്ച ചെയ്യുന്ന ഒരു വിഷയമാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ അവതരിപ്പിക്കുന്നത്. കേരള ഹൈക്കോടതിയുടെ ഇടപെടലിനെത്തുടർന്ന് പൊതുപരിപാടികൾ സംഘടിപ്പിക്കുന്ന സംഘാടകരും ലോക്കൽ ബോഡിയുടെ സെക്രട്ടറിമാരുമൊക്കെ പ്രയാസത്തിലാണ്. നാം സഞ്ചാരസ്വാതന്ത്ര്യത്തിന് എതിരല്ല. പെട്ടെന്നുള്ള പ്രതിഷേധ പ്രകടനങ്ങളല്ലാതെയുള്ള പ്രകടനങ്ങളും യോഗങ്ങളും മുൻകൂട്ടി അനുമതി വാങ്ങിയാണ് നടക്കുന്നത്. പ്രകടനങ്ങൾ വഴിയാത്രക്കാർക്ക് തടസ്സമാകാറില്ല. സംഘാടകരുടെ വാളന്റിയർമാർതന്നെ അവർക്ക് റോഡ് ക്രോസ് ചെയ്യാനുള്ള എല്ലാ സംവിധാനങ്ങളും ചെയ്തുകൊടുക്കാറുണ്ട്. ഇത്തരം പ്രകടനങ്ങൾ നടത്തുന്നത് രാഷ്ട്രീയ പാർട്ടികൾ, ക്ലബ്ബുകൾ, മറ്റ് സാംസ്കാരിക-മത സംഘടനകൾ, ദേവാലയങ്ങൾ എന്നിവയൊക്കെയാണ്. പരിപാടികൾ ശ്രദ്ധേയമാക്കാൻ തോരണങ്ങളും

പ്രചാരണ ബോർഡുകളുമൊക്കെ വയ്ക്കാറുണ്ട്. ഇതൊക്കെ വയ്ക്കുന്നത് റോഡിലാണെങ്കിലും ഈ റോഡുകൾ നാട്ടിലെ രാഷ്ട്രീയ പാർട്ടികളും സർവകക്ഷികളും ചേർന്നുകൊണ്ടാണ് നിർമ്മിച്ചത്. ജനങ്ങളുടെ സഹകരണത്തോടെ അവരുടെ പണമൊന്നും വാങ്ങാതെ നിർമ്മിച്ച റോഡുകളാണ് നമ്മുടെ നാട്ടിൽ ഏറെയുമുള്ളത്. ബോർഡുകൾ നേരത്തെ വയ്ക്കുന്നത് പ്രചാരണത്തിനും ഒപ്പം പൊതുസമൂഹത്തിന് പരിപാടികളുമായി ബന്ധപ്പെട്ട വിവരങ്ങൾ അറിയാനുമാണ്. ഇതുസംബന്ധിച്ച ശ്രദ്ധേയമായ ഓരോ വിധി ആന്ധ്രാപ്രദേശ് ഹൈക്കോടതിയും അതുപോലെ സുപ്രീംകോടതിയും പുറപ്പെടുവിച്ചിട്ടുണ്ട്. ആന്ധ്രാപ്രദേശിൽ ഇതുപോലൊരു സംഭവമുണ്ടായപ്പോൾ അവിടത്തെ സി.പി.ഐ. സംസ്ഥാന സെക്രട്ടറിയായ Shri K. Ramakrishna-യുമായി ബന്ധപ്പെട്ട് ഒരു കേസുണ്ടായിരുന്നു. K Ramakrishna v/s State of Andhra Pradesh എന്നതിൽ ഇത് കൃത്യമായി സൂചിപ്പിച്ചിട്ടുണ്ട്. ആർട്ടിക്കിൾ 19 പ്രകാരം freedom of speech and expression-ന്റെ ഭാഗമായുള്ള വിശദീകരണത്തിൽ ഇന്ത്യൻ സ്വാതന്ത്ര്യ സമര കാലയളവിൽ നടത്തിയ പ്രക്ഷോഭങ്ങൾ, പ്രകടനങ്ങൾ എല്ലാംതന്നെ

സൂചിപ്പിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി കേരളത്തിലെ ഇന്നത്തെ സാഹചര്യം കണക്കിലെടുത്തുകൊണ്ട് ഒരു നിയമനിർമ്മാണം നടത്തി ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതിന് സംവിധാനമുണ്ടാക്കണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർഥിക്കാനുള്ളത്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, മാർഗതടസ്സമുണ്ടാക്കുന്നതും അനധികൃതമായി സ്ഥാപിച്ചിട്ടുള്ളതുമായ ബോർഡുകൾ, ബാനറുകൾ, ഹോർഡിങ്ങുകൾ, ഫ്ലാഗുകൾ, ഫെസ്റ്റൂണുകൾ എന്നിവ നീക്കം ചെയ്യണമെന്ന് ഹൈക്കോടതി നിരവധി ഇടക്കാല ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കോടതി നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ നടപടികൾ സ്വീകരിക്കുകയും കോടതി സമക്ഷം അഫിഡവിറ്റുകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 04-01-2025-ന് ഒരു യോഗം ചേർന്നിരുന്നു. ഹൈക്കോടതി ഉത്തരവുകളുടെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ടും സുരക്ഷയ്ക്ക് ഭീഷണിയില്ലാത്ത തരത്തിലും പരസ്യപ്രചാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ വരുന്ന സ്ഥലങ്ങളിൽ മിതമായ നിരക്കിൽ നിശ്ചിത ഫീസ് ഈടാക്കിക്കൊണ്ട് ജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാത്ത തരത്തിൽ നിയമവിരുദ്ധമല്ലാത്ത സാമഗ്രികൾ ഉപയോഗിച്ചുകൊണ്ടുള്ള പ്രചാരണം നടത്തുന്നതിനാവശ്യമായ നിയമ/ചട്ട ഭേദഗതികൾ കൊണ്ടുവരാൻ തീരുമാനമെടുത്തിട്ടുണ്ട്. ഇതിനായി സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ഇ. കെ. വിജയൻ: സർ, പ്രസ്തുത പ്രൊപ്പോസൽ ലഭ്യമാകുന്നതുവരെയുള്ള കാലയളവിലെ നടത്തിപ്പിനെക്കുറിച്ച് ഒരു ധാരണയുണ്ടാക്കാൻ എന്തെങ്കിലും പരിപാടിയുണ്ടോ?

ശ്രീ. എം. ബി. രാജേഷ്: സർ, നിയമവിരുദ്ധമല്ലാത്ത സാധനസാമഗ്രികൾ ഉപയോഗിച്ചുകൊണ്ടുള്ള പ്രചാരണം നടത്താൻ അനുവദിക്കണമെന്നതന്നെയാണ് സർക്കാർ നിലപാട്. കേരള ഹൈക്കോടതിയുടെ ഉത്തരവുകളുടെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് എത്രയും

പെട്ടെന്ന് ഇത് നിയമവിധേയമായ രീതിയിൽ നടത്താനുള്ള നിയമ/ചട്ട ഭേദഗതികൾ കൊണ്ടുവരുന്നതാണ്.